ഡിസംബർ 2020

# മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage

മുസിരിസ് പൈതൃക പദ്ധതി

HAPPY 2021 NEW YEAR







**കടകംപള്ളി സുരേന്ദ്രൻ**
ടൂറിസം ദേവസ്വം സഹകരണവകുപ്പ് മന്ത്രി

# മുസിരിസ് പൈതൃകം

ചരിത്രാതീതകാലം മുതലേ കേരളത്തിന്റെ തീരപ്രദേശം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വ്യാപാരി സമൂഹത്തിന്റെ കവാടമായിരുന്നു ഇപ്പോഴും പല തീരപ്രദേശങ്ങളും വിദേശികളുടെ വരവുമായി ബന്ധപ്പെട്ട ചിഹ്നങ്ങൾ പേറുന്നുണ്ട്. നമ്മുടെ നാടിന്റെ മതസൗഹാർദ്ദത്തിനും പുതിയ സംസ് കാരങ്ങളോടുമുള്ള തുറന്ന സമീപനത്തിനും മൂല്യങ്ങൾക്കുമുള്ള സാക്ഷ്യപത്രമാണ് ഇത്തരം പൈതൃക സ്മാരകങ്ങൾ. ചരിത്രപരവും സാംസ് കാരികപരവുമായി സമ്പന്നമായ ഈ മേഖലയുടെ സംരക്ഷണം വരും തലമുറയ്ക്ക് നമ്മുടെ തനതായ പൈതൃകത്തെ മനസിലാക്കാനും താരതമ്യേന അജ്ഞാതമായ നമ്മുടെ സാംസ്കാരിക ചരിത്ര സമ്പത്ത് ലോകത്തിന് തുറന്ന കാട്ടികൊടുക്കാനുമാണ് വിവിധ പൈതൃക സംരക്ഷണ പദ്ധതികൾ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായിട്ടാണ് ഒരു കാലത്ത് വ്യാപാരത്തിന്റേയും സംസ് കാരത്തിന്റെയും സജീവകേന്ദ്രമായിരുന്ന മുസിരിസിലെ ചരിത്രപരമായും പുരാവസ്തുപരമായും പഴയ സംസ് കാരത്തിന്റെ ശേഷിപ്പുകൾ അവശേഷിക്കുന്ന പൈതൃക ശേഷിപ്പുകളെ ബന്ധിപ്പിച്ച് കൊണ്ട് സർക്കാർ മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി ആവിഷ്ക്കരിച്ചത്. ഈ പൈതൃക സ്മാരകങ്ങളെ സംരക്ഷിച്ച് പരസ്പരം ബന്ധിപ്പിക്കുന്ന ഒരു ടൂറിസം സർക്യൂട്ട് ആക്കി മാറ്റുന്നതിനാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. പദ്ധതിയുടെ ഭാഗമായി നിരവധി മ്യൂസിയങ്ങളും, ഹെറിറ്റേജ് സൈറ്റുകളും ഇവയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. ഹോപ്പ് ഓൺ ഹോപ്പ് ഓഫ് സംവിധാനത്തിലുള്ള ബോട്ട് സർവ്വീസും ഇവിടെ എത്തുന്ന സന്ദർശകർക്കായി ഒരുക്കിയിട്ടുണ്ട്. ഇന്റർനാഷണൽ കൺവെൻഷൻ സെന്ററും ആധുനീക സൗകര്യങ്ങളോടെ റിസർച്ച് സ്റ്റഡി സെന്ററും പ്രവർത്തിച്ച് വരുന്നു. കേരളത്തിലെത്തുന്ന സഞ്ചാരികളുടെ പ്രധാന ആകർഷണമായി മുസിരിസ് പൈതൃക പദ്ധതി മാറി കഴിഞ്ഞു.

നമ്മുടെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനത്തിന്റെ 10% ഇന്ന് വിനോദ സഞ്ചാര മേഖലയുടെ സംഭാവനയാണ്. സാമ്പത്തിക സുസ്ഥിരതയ്ക്കും സാമൂഹിക ഉന്നതിക്കും വഴി തെളിക്കുന്ന ടൂറിസം ഇന്ന് കേരളത്തിന്റെ ഏറ്റവും ലാഭകരമായ നിക്ഷേപങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. ഏകദേശം 15 ലക്ഷത്തോളം ആൾക്കാരാണ് ഇന്ന് ടൂറിസം മേഖലയിൽ ജോലി ചെയ്യുന്നത്. കഴിഞ്ഞ വർഷം 45000 കോടി രൂപയാണ് ടൂറിസം മേഖലയിൽ നിന്നുള്ള മൊത്ത വരുമാനം. ഇത് സർവ്വകാല റെക്കോർഡാണ്.

നിപ്പ വൈറസ് ഭീഷണി, 2018-ലെ പ്രളയം എന്നിവയ്ക്ക് ശേഷം കേരളത്തിലെ ടൂറിസം 2019-ൽ തിരിച്ചുവരവിന്റെ പാതയിലായിരുന്നു. പ്രകൃതി ദുരന്തങ്ങളെ തുടർന്നുള്ള പ്രതിസന്ധിഘട്ടത്തിന് ശേഷം കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ വരവ് കൂട്ടുന്നതിനായി ടൂറിസം വകുപ്പ് ബ്രാൻഡിങ്ങിലും വിപണനത്തിലും തന്ത്രപരമായ പദ്ധതികൾ ആവഷ്കരിച്ച് നടപ്പിലാക്കി. ഈ ഘട്ടത്തിൽ എത്തിയ കോവിഡ് 19 ലോകം ആകെ മാറ്റി മറിച്ചു. ഇതിന്റെ പ്രതിഫലനം ടൂറിസം മേഖലയിലും ഉണ്ടായി ലോക സമ്പത്ത് വ്യവസ്ഥയുടെ സകല മേഖലകളേയും കോവിഡ് ബാധിച്ചു. ഇത് സ്വാഭാവികമായും കേരളത്തിലെ ടൂറിസം മേഖലയേയും ഗുരുതരമായി ബാധിച്ച് കഴിഞ്ഞു.

ഇപ്പോൾ ഈ പ്രതിസന്ധി കുറേശെ മാറി വരുന്നുണ്ട്. ലോകത്തു തന്നെ കോവിഡ് 19-ന് ഏറ്റവും ഫലപ്രദമായി നേരിട്ട ഒരു സ്ഥലം നമ്മുടെ കൊച്ചു കേരളമാണ്. ഇതു സംബന്ധിച്ച് അന്താരാഷ്ട്ര മാധ്യമങ്ങൾ തന്നെ നിരവധി റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്. 2021, പ്രതിസന്ധികൾ ഒഴിഞ്ഞ് കൂടുതൽ ആൾക്കാർ യാത്ര ചെയ്യ് തുടങ്ങും എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. സ്വാഭാവികമായും ഇതിൽ നല്ലൊരു പങ്ക് സഞ്ചാരികളും കേരളത്തിലേക്ക് എത്തും എന്നത് നിശ്ചയമാണ്. ഇത് മുന്നിൽ കണ്ട് വളരെ കൃത്യമായ മാർക്കറ്റിംഗ് പ്ലാൻ ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ മുസിരിസ് പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന എല്ലാ പ്രവൃത്തികളും ഉടൻ തന്നെ പൂർത്തിയാക്കാൻ നമുക്ക് കഴിയണം. മുസിരീസിനോടൊപ്പം തലശ്ശേരി, ആലപ്പുഴ പൈതൃക പദ്ധതികൾ കൂടി പൂർത്തിയാകുന്നതോടുകൂടി കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് നമ്മുടെ പൈതൃക പാരമ്പര്യം ആസ്വദിക്കാനുള്ള വലിയ അവസരമാണ് തുറന്ന് കിട്ടുന്നത്. ഇങ്ങനെ വരുന്ന സഞ്ചാരികളെ സ്വീകരിക്കാൻ നാം ഇപ്പോഴേ ഒരുങ്ങേണ്ടതുണ്ട്. നിരവധി പ്രതിസന്ധികൾക്ക് ശേഷം വരുന്ന 2021 കേരള ടൂറിസത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതായിരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ സമ്പന്നമായ സംസ്കാരിക ചരിത്ര സ്വത്തുക്കളുടെ സംരക്ഷണത്തിനായുള്ള ഈ യാത്രയ്ക്ക് മുസിരിസ് പൈതൃക പദ്ധതി പരമപ്രധാനമായ പങ്കുവഹിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

# മുസിരിസ് – മാർത്തോമാക്കാരുടെ കളിത്തൊട്ടിൽ

കേരളത്തിലെ ഏറ്റവും പുരാതനമായ ക്രിസ്തീയ സമൂഹം മാർത്തോമാക്കാർ (സെന്റ് തോമസ് ക്രിസ്ത്യാനികൾ) ആണെന്നാണ് വിശ്വാസം. (ക്രിസ്തുവർഷം 29ൽ വിശുദ്ധ മാർക്കോസിനാൽ അലക്സാൻഡ്രിയയിൽ സ്ഥാപിതമാകുകയും പിന്നീട് ഈജിപ്റ്റിലെയും അബിസിനിയൻ സാമ്രാജ്യത്തിലെയും സഭകളിൽ ലയിക്കുകയും ചെയ്ത സമൂഹത്തിനു ശേഷം ലോകത്തെ തന്നെ രണ്ടാമത്തേതാണ് ഇതെന്നും കരുതപ്പെടുന്നു.) കൊടുങ്ങല്ലൂരിന് ആറു കിലോമീറ്റർ അകലെ പെരിയാറിന്റെ തീരത്തുള്ള അഴീക്കോട് ഗ്രാമത്തിൽ സെന്റ് തോമസ് കാല് കുത്തിയ ഐതിഹാസിക മുഹൂർത്തത്തോളം പഴക്കമുണ്ട് കേരളത്തിലെ ക്രൈസ്തവ പാരമ്പര്യത്തിന്. സെന്റ് തോമസും മാർത്തോമാക്കാരും തമ്മിലുള്ള ബന്ധത്തിന്റെ കഥയെക്കുറിച്ച് പലപ്പോഴും സംശയങ്ങൾ ഉയർന്നിട്ടുള്ളതു തന്നെ. പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്യൻ ബൗദ്ധിക വൃത്തങ്ങളിൽ നിന്നാണ് ആദ്യമായി ഇങ്ങനെയൊരു സംശയമുയരുന്നത്. മാർത്തോമക്കാരെ സുറിയാനി ക്രിസ്ത്യാനികൾ എന്നുകൂടി വിളിക്കുന്നതാണ് ഇതിനു പ്രധാന കാരണം. കിഴക്കൻ സിറിയൻ ഭാഷയായ സുറിയാനിയിലുള്ള ആരാധനാക്രമമാണ് അവർ പിന്തുടരുന്നത്. സെന്റ് തോമസിന്റെ ഉത്പത്തി കഥയും അതിൽ ചേർന്നു പോകുന്നു. എന്നാൽ, ആധുനിക ചരിത്ര ഗവേഷകരായ മാർക്ക് ബ്ലോച്ചിന്റെയും ഡി.ഡി. കോസാംബിയുടെയും അഭിപ്രായപ്രകാരം, ഈ സമൂഹമാണ്, അല്ലാതെ രേഖകളിലുള്ള തെളിവുകളല്ല പ്രാഥമിക സ്രോതസ്. സെന്റ് തോമസിന്റെ പേരിൽ അറിയപ്പെടുന്ന ക്രൈസ്തവ സമൂഹം ഇവിടെ നിലനിൽക്കുന്നു എന്നതു തന്നെയാണ് സെന്റ് തോമസുമായുള്ള അവരുടെ ബന്ധത്തിനു തെളിവെന്ന് ന്യൂഡൽഹിയിലെ ജെഎൻയുവിൽ ചരിത്ര വിഭാഗം പ്രൊഫസറായ ഡോ. പയസ് മേലേക്കണ്ടത്തിൽ 'ഡിബേറ്റ് ഓൺ ദ അപ്പോസ്റ്റിൽ ഓ ഫ് സെന്റ് തോമസ് ഇൻ കേരള' എന്ന പ്രബന്ധത്തിൽ (https://www.nasrani.net/ എന്ന വെബ്സൈറ്റിൽ 2020 ജൂലൈ 20ന് പ്രസിദ്ധീകരിച്ചത് ) സമർത്ഥിക്കുന്നു.

മുസിരിസ് പൈതൃക പദ്ധതി പ്രദേശത്ത് സെന്റ് തോമസുമായി നേരിട്ട് ബന്ധമുള്ള രണ്ട് പ്രധാന ആരാധനാലയങ്ങളാണുള്ളത്- അഴീക്കോട് മാർത്തോമാ പൊന്തിഫിക്കൽ ദേവാലയവും, വടക്കൻ പറവൂർ പട്ടണ മധ്യത്തിലുള്ള കോട്ടക്കാവ് ഫൊറോന പള്ളിയും. 'പൊന്തിഫിക്കൽ' എന്നാൽ വിവിധ പാരിഷുകളുടെ തലപ്പത്തുള്ള പള്ളി എന്നാണ് അർത്ഥം. 'കോട്ടക്കാവ് മാർത്തോമാ സീറോ-മലബാർ തീർത്ഥാടന പള്ളി' എന്നാണ് മുഴുവൻ പേര്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സെന്റ് തോമസ് ക്രിസ്ത്യാനികളെ ആകർഷിക്കുന്ന തീർത്ഥാടന കേന്ദ്രം തന്നെയാണിത്. സെന്റ് തോമസ് സ്ഥാപിച്ച ആദ്യത്തെ പള്ളികളിലൊന്നാണെന്നും വിശ്വസിക്കപ്പെടുന്നു. ക്രിസ്തു ശിഷ്യനായ സെന്റ് തോമസിനാൽ സ്ഥാപിതമായതിനാൽ അപ്പോസ്തോലിക പള്ളി എന്നും അറിയപ്പെടുന്നു. സെന്റ് തോമസിന്റെ അപ്പോസ്തോലിക പ്രവർത്തന പരിധിയിൽ വരുന്ന പള്ളി എന്നർത്ഥം. വിശുദ്ധൻ വന്നിറങ്ങിയത്



കോട്ടക്കായലിൽ (കോട്ടക്കാവ് ) ആണെന്ന് പുരാതന പ്രശസ്ത ഗാനമായ റമ്പാൻ പാട്ടിൽ പരാമർശിക്കുന്നു. അവിടെ അദ്ദേഹം ക്രിസ്തുവിന്റെ വിശുദ്ധ വചനങ്ങൾ പ്രഘോഷിക്കുകയും പ്രദേശത്തുള്ള 1770 പേരെ ക്രിസ്ത്യാനികളായി പരിവർത്തനം ചെയ്യുകയും ചെയ്തെന്നും പറയുന്നു. ക്രിസ്തു വർഷം 52ലാണ് സെന്റ് തോമസ് ഇവിടെ പള്ളി സ്ഥാപിച്ചതെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ക്രിസ്തു വർഷം 29ൽ അലക്സാൺഡ്രിയയിൽ സ്ഥാപിതമായ ക്രിസ്തീയ സമൂഹത്തിനു ശേഷം ഏറ്റവും പുരാതനമായ രണ്ടാമത്തെ ക്രിസ്തീയ സമൂഹം ഇവിടെയാണെന്ന് അവകാശപ്പെടുന്നത്.

ആഴത്തിൽ വേരൂന്നിയതും അബദ്ധജഡിലവുമായ ഒരു ധാരണയാണ് സെന്റ് തോമസ് നമ്പൂതിരി ബ്രാഹ്മണരെ പരിവർത്തനം ചെയ്ത് 'ഉന്നത ജാതിക്കാരായ' ക്രിസ്ത്യാനികളാക്കി എന്നുള്ളത്. പല പരമ്പരാഗത കുടുംബങ്ങളും ഇന്നും വച്ചുപുലർത്തുന്ന തെറ്റിദ്ധാരണയാണത്. ദക്ഷിണേന്ത്യയിലേക്കുള്ള കൂട്ട കുടിയേറ്റത്തിനൊപ്പം നമ്പൂതിരി ബ്രാഹ്മണർ കേരളത്തിലെത്തുന്നത് ക്രിസ്തു വർഷം ഏഴും എട്ടും നൂറ്റാണ്ടുകളിലാണ്. അതായത് സെന്റ് തോമസ് വന്നു എന്നു കരുതപ്പെടുന്നതിനും എഴുനൂറ് വർഷങ്ങൾക്കു ശേഷം (കേശവൻ വെളുത്താട്ട്, ബ്രാഹ്മിൻ സെറ്റിൽമെന്റ്സ് ഇൻ കേരള: ഹിസ്റ്റോറിക്കൽ സ്റ്റഡീസ്, കാലിക്കറ്റ്, 1978, പുറം 21-31, പയസ് മേലേക്കണ്ടത്തിൽ തന്റെ പ്രബന്ധത്തിൽ ഉദ്ധരിച്ചിരിക്കുന്നതു പ്രകാരം). തീർച്ചയായും മുസിരിസ് പ്രദേശത്തുണ്ടായിരുന്ന യഹൂദരുമായായിരിക്കണം സെന്റ് തോമസ് ആദ്യമായി സംസർഗം നടത്തിയതും ദൈവരാജ്യത്തെപ്പറ്റി പ്രഘോഷണം നടത്തിയതും. വടക്കൻ പറവൂരും ചേന്ദമംഗലത്തും മാളയിലും ഇന്നും സിനഗോഗുകളുണ്ട്-മേഖലയിലെ തന്നെ ഏറ്റവും പഴക്കമേറിയവയാണിവ. ക്രിസ്തുവിനു മുൻപ് നാലാം നൂറ്റാണ്ട് മുതലുള്ള യഹൂദ പാരമ്പര്യത്തിന്റെ തെളിവുകളാണ് ഈ സിനഗോഗുകൾ. 'വിശാല ക്രിസ്തീയ വിശ്വാസമനുസരിച്ച്, സെന്റ് തോമസ് മലബാർ തീരത്തെത്തുകയും ക്രാങ്ങനൂർ (കൊടുങ്ങല്ലൂർ) രാജാവിന്റെ മകളുടെ വിവാഹത്തിന് ക്ഷണിക്കപ്പെടുകയും ചെയ്തു. അവിടെ അദ്ദേഹം ഹീബ്രുവിലുള്ള ഒരു വിവാഹ ഗാനം ആലപിച്ചു. യഹൂദയായ പുല്ലാങ്കുഴൽ വാദക ഒഴികെ കൂട്ടത്തിലാർക്കും അതു മനസ്സിലായില്ല. രാജകുമാരിയുടെ വിവാഹ ശേഷം സെന്റ് തോമസ് ക്രാങ്ങനൂരിലെ യഹൂദ കേന്ദ്രത്തിലേക്കു പോകുകയും അവിടെ താമസമാക്കുകയും ചെയ്തു' (ജൂസായ് 1986).



കൊടുങ്ങല്ലൂർ അഴീക്കോട് മാർത്തോമാ പൊന്തിഫിക്കൽ ദേവാലയവും വടക്കൻ പറവൂർ കോട്ടക്കാവ് ഫൊറോന പള്ളിയും സെന്റ് തോമസ് സ്ഥാപിച്ചതെന്നു കരുതപ്പെടുന്ന ഏഴരപ്പള്ളികളിൽപ്പെടുന്നതാണ് (സ്ഥാപിച്ചു എന്ന വിശ്വാസം അൽപം കടന്നതാവാം; എന്നാൽ ഈ പള്ളികളും ചുറ്റുമുള്ള സമൂഹങ്ങളും നൂറ്റാണ്ടുകളുടെ പൈതൃകത്തിൽ ക്രിസ്തുശിഷ്യന്റെ ഓർമകളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു). തിരുവല്ലയ്ക്കടുത്ത് നിരണം, ഇന്നത്തെ കൊല്ലം പട്ടണത്തിലുള്ള പഴയ തുറമുഖ പ്രദേശം, ചേർത്തലയ്ക്കടുത്ത് കൊക്കാമംഗലം, ചാവക്കാടിനടുത്ത് പാലയൂർ, ശബരിമല മലനിരകൾ തുടങ്ങുന്ന നിലയ്ക്കൽ (ചായൽ), തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലുള്ള തിരുവിതാംകോട്ടെ അരപ്പള്ളി (അരചൻ അഥവാ രാജാവ് പണികഴിപ്പിക്കാൻ നിർദേശിച്ച പള്ളി) എന്നിവയാണ് മറ്റ് അഞ്ചര പള്ളികൾ.

അഴീക്കോട് പൊന്തിഫിക്കൽ ദേവാലയത്തിൽ സെന്റ് തോമസിന്റെ തിരുശേഷിപ്പ് വിശ്വാസികൾക്ക് വണങ്ങുന്നതിനായി സൂക്ഷിച്ചിട്ടുണ്ട്--ഇറ്റലിയിലെ ഒർട്ടോണയിൽ നിന്നു കൊണ്ടു വന്ന സെന്റ് തോമസിന്റെ വലതുകൈയിലെ അസ്ഥിയാണിതെന്ന് വിശ്വാസം. അതിനാൽ ഈ ദേവാലയം വളരെ വിശേഷപ്പെട്ടതും ആഗോള സെന്റ് തോമസ് ക്രൈസ്തവരുടെ ആകർഷണകേന്ദ്രവുമാണ്. അതിലുപരി, സെന്റ് തോമസ് കാലു കുത്തിയ സ്ഥലം എന്ന അടയാളപ്പെടുത്തിയിരിക്കുന്നതിനാൽ ഈ ദേവാലയം കേരളത്തിലും ഇന്ത്യയിൽ ആകെയുമുള്ള ക്രിസ്ത്യാനികൾക്ക് വിശിഷ്ടമാണ്.

കോട്ടക്കാവ് മാർത്തോമാ പള്ളിയും കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളായി മാർത്തോമാ സമൂഹത്തിന്റെ ചരിത്രപരമായ വികാസപരിണാമങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു. ഇവിടെ ഒരു പേർഷ്യൻ കുരിശ് സൂക്ഷിച്ചിട്ടുണ്ട്. മാർത്തോമാ സമൂഹത്തിന്റെ മുഖമുദ്ര തന്നെയായ പേർഷ്യൻ പെഹ്ലവി ഭാഷയിൽ ആലേഖനം ചെയ്യപ്പെട്ട വചനങ്ങൾ ഈ കൽക്കുരിശിൽ കൊത്തിവച്ചിട്ടുണ്ട്. ഇത്തരമൊരു കുരിശ് പുത്തൻകുരിശിനടുത്ത് കടമറ്റത്തും, മുട്ടുചിറ റൂഹാദ് കുദിശ സീറോ-മലബാർ കത്തോലിക്കാ പള്ളിയിലും, രണ്ടെണ്ണം കോട്ടയം ക്നാനായ യാക്കോബായ വലിയ പള്ളിയിലും മദ്രാസിലെ സെന്റ് തോമസ് മൗണ്ട് കത്തോലിക്കാ പള്ളിയിലും കാണാം. ഈ രീതിയിലുള്ള കുരിശിന്റെ പൗരാണികതയ്ക്കു തെളിവാണിത്.

ക്രിസ്തു വർഷം 823ൽ കൊല്ലത്ത് കപ്പലിറങ്ങിയ രണ്ടു മിഷനറിമാർ, ബിഷപ് മാർ സാബോറും ബിഷപ് മാർ പ്രോത്തും, സെന്റ് തോമസിന്റെ അപ്പോസ്തോലിക പ്രദേശത്ത് നിരവധി പള്ളികൾ നിർമിക്കുകയോ നവീകരിക്കുകയോ ചെയ്തിട്ടുണ്ട്. കോട്ടക്കാവിലെ രണ്ടാമത്തെ പള്ളി ഇവർ സ്ഥാപിച്ചതാണെന്നാണ് കരുതപ്പെടുന്നത്. മരണശേഷം അവരെ സെന്റ് തോമസ് പള്ളിയിൽ വിശുദ്ധരായി പ്രഖ്യാപിക്കുകയും കോട്ടക്കാവിലെ രണ്ടാമത്തെ പള്ളിക്ക് അവരുടെ പേര് നൽകുകയും ചെയ്തു. പള്ളിക്കു മുന്നിലുള്ള പുരാതനമായ ചാപ്പലിലെ പേർഷ്യൻ കുരിശ് അവർ സ്ഥാപിച്ചതാണെന്നാണ് വിശ്വാസം.



● ഡോ. ബബിത മരീന ജസ്റ്റിൻ

# വടക്കൻ പറവൂരിലെ അവസാന ജൂത വനിതകളെ തേടി



ഇന്ത്യാ ചരിത്രത്തിലെ അവസാനത്തെ ജൂത കല്ലറയിലേക്ക് ഞാൻ നടന്നു ചെല്ലുന്നത് ഒരു മായാജാലത്തിലെന്ന പോലെയായിരുന്നു. ഒരു മാന്ത്രിക സിനിമയിൽ നിന്ന് നേരേയങ്ങ് ഇറങ്ങിച്ചെല്ലുന്നതു പോലെ. മാഞ്ഞു തുടങ്ങിയ കഥകളുടെ തിളക്കം തേടിയാണ് ഞാനവിടെ ചെന്നത്. അത്ര സുഖമുള്ളൊരു കളിയായിരുന്നില്ല അത്. ചുറ്റുമുള്ള കാലടികളെ പിന്തുടരുകയും, എനിക്കു മുൻപേ നടന്ന സ്ത്രീകളുടെ വഴിയേ വീണ്ടും നടക്കുകയുമാണ് എനിക്കു മുന്നിലുള്ള ദൗത്യമെന്നു ഞാൻ തിരിച്ചറിയുകയായിരുന്നു. ചുറ്റുമുള്ള പെൺകഥകളുടെ ബാഹുല്യത്തിലെ യുക്തിയാണ് എനിക്കു കണ്ടെത്താനുണ്ടായിരുന്നത്. കഥകളുടെ പര്യവേക്ഷണത്തിനും അവയിൽ ജീവിക്കുന്നതിനും, എഴുതാതെ, പറയാതെ, പാടാതെ ദേശ ചരിത്രത്തിനൊപ്പം കുഴിച്ചുമൂടപ്പെട്ടവ എഴുതി വയ്ക്കുന്നതിനുമാണ് ഞാൻ വന്നത്.

പറയാത്ത കഥകൾ തൊടാവുന്ന ദൂരത്തിലുണ്ടെനിക്ക്. അന്നനാളത്തിനുള്ളിൽ എവിടെയോ നിന്ന് അവയെന്നെ മാടിവിളിക്കുന്നത് എനിക്കു കേൾക്കാം, ഞാനെവിടെയുമൊന്ന് ഉറച്ചു നിന്നിരുന്നില്ലെങ്കിലും. എവിടെ തുടങ്ങണമെന്നറിയാതെ ഞാനൊരു ടാക്സി വിളിച്ച് ഒരു തുമ്പു തേടി അലഞ്ഞു. മുന്നിൽ അവ്യക്തമായ കാലടിപ്പാടുകൾ മാത്രം, എങ്ങനെ മുന്നോട്ടു പോകണമെന്ന് യാതൊരു രൂപവുമില്ലാത്ത അവസ്ഥ; സ്ത്രീകൾ അവരുടെ കഥകൾ എഴുതി വയ്ക്കാത്ത കാലത്തോളം, അല്ലെങ്കിൽ അങ്ങനെയുള്ളതെന്നു ഞാൻ കരുതിയ ഭൂതകാലത്തോളം, ദൂരം താണ്ടാനുണ്ടായിരുന്നു എനിക്ക്. അവരുടെ കഥകൾ അവർ പ്രകൃതിക്കു ചൊല്ലിക്കൊടുത്തിരുന്നു. കാറ്റിലും മണ്ണിലും വെള്ളത്തിലും ആകാശത്തുമെല്ലാം അവരുടെ കഥകൾ മാറ്റൊലിക്കൊണ്ടു. എനിക്കതെല്ലാം വീണ്ടെടുക്കേണ്ടതുണ്ടായിരുന്നു.

ഏറെ വൈകാതെ ചേന്ദമംഗലത്തെ പഴയൊരു സിനഗോഗിനു മുന്നിൽ ഞാൻ ചെന്നു നിന്നു. നാന്ദി കുറിക്കാൻ ഇടമെത്തിയെന്ന് എനിക്കറിയാമായിരുന്നു. കൊടുങ്ങല്ലൂരിലെ സ്ത്രീകൾക്കു വേണ്ടിയുള്ള അന്വേഷണം ഞാൻ അവിടെ തുടങ്ങി. വിരോധാഭാസമെന്നു പറയട്ടെ, ഒരു പേടകത്തിലടച്ച് വലിയൊരു മണിയുടെ രൂപത്തിലുള്ള കല്ലറയിൽ അടക്കിയ നിലയിലായിരുന്നു ഞാൻ ആദ്യം കണ്ടെത്തിയ സ്ത്രീ. ഹീബ്രുവിലായിരുന്നു ആലേഖനങ്ങൾ. അവയിലെന്റ് ദൃഷ്ടി തപ്പിത്തടഞ്ഞു. സാറാ ബാത്ത് ഇസ്രായേൽ, 1269. സാറാ, ഇസ്രായേലിന്റെ പുത്രി, 1269. ഒരുപക്ഷേ, ഇന്ത്യയിൽ ഏറ്റവും പഴക്കമുള്ള ഹീബ്രു ആലേഖനങ്ങളാവാം ഈ കല്ലറയിലുള്ളത്. ചരിത്രം എന്നെ എട്ട് നൂറ്റാണ്ട് പിന്നോട്ടു നയിച്ചു, പേനയെടുക്കാൻ എന്റെ മനസ്സ് തുടിച്ചു. ആദ്യത്തെ അടയാളം എനിക്കു മുന്നിൽ പ്രകടമായിരിക്കുന്നു; പോയ കാലത്തിന്റെ ഏറ്റവും ഇരുണ്ട നിഗൂഢതകളിലൊന്നിലേക്കു ഞാൻ നോക്കി, സ്ത്രീ ജീവിതങ്ങളിലേക്ക് വെളിച്ചം വീഴ്ത്താൻ ഞാൻ അത്യധ്വാനം ചെയ്തുകൊണ്ടിരുന്നത് അവിടെയാണ്. ഒരു ജൂത വനിതയുടെ ഏറ്റവും പഴക്കമേറിയ കല്ലറ എന്നെ തുറിച്ചു നോക്കി, അവരുടെ അസ്ഥികളിലേക്കു വെളിച്ചം വീഴ്ത്താനും അവരുടെ കഥ ലോകത്തോടു മുഴുവൻ വിളിച്ചുപറയാനും എന്നോടു പറയുന്നതു പോലെ. ആരായിരുന്നു അവർ? അവരെന്താണ് ആഗ്രഹിച്ചത്? അവരെങ്ങനെയാണ് ജീവിച്ചതും

മരിച്ചതും? എനിക്കൊരു രൂപവുമുണ്ടായിരുന്നില്ല.

ഞാനെന്റെ യാത്ര തുടങ്ങിയിട്ടേയുണ്ടായിരുന്നുള്ളു, തിരിച്ചുവരവില്ലാത്തയാത്രയാണിത്. അതിനാൽ ഒരുപാട് ശബ്ദങ്ങൾ എന്നെ മാടിവിളിക്കുകയായിരുന്നു, എന്റെ ഉൾവെളിച്ചത്തെ ഞാൻ ക്ഷമാപൂർവം പിന്തുടരേണ്ടതുണ്ട്, ഓരോ കിളിപ്പാട്ടിനും കാതോർക്കേണ്ടതുണ്ട്, ഒരു സ്വപ്നാടനത്തിലെന്ന പോലെ കാറ്റ് നയിക്കുന്നിടത്തേക്കും മറഞ്ഞ കഥകളുടെ രഹസ്യവാതിലുകളിലേക്കും നടന്നു കയറേണ്ടതുണ്ട്. പറയാത്ത കഥകളുടെ മലരിയിലേക്കു ഞാനൊരു കോമരത്തെപ്പോലെ ആദ്യത്തെ ചുവടുകൾ വച്ചു.

അപൂർവ വിവരങ്ങൾ എന്ന നിലയിൽ കേരളത്തിലെ ജൂത സമൂഹത്തിന്റെ ചരിത്രം പരിശോധിക്കുക എന്നതായിരുന്നു ആ ദിശയിൽ എന്റെ ഗവേഷണത്തിന്റെ ആദ്യത്തെ ചുവടുകൾ. പുരാണ വിശാരദർക്കും ചരിത്രജ്ഞർക്കും രേഖകൾ സൂക്ഷിക്കുന്നവർക്കും കാലങ്ങളായി അറിവുള്ള വിവരങ്ങൾ, ഒരിക്കലും പ്രചാരമാർജിക്കാത്തവ. പാഠപുസ്തകങ്ങളിലോ കേരളത്തിന്റെ സാമാന്യ സാംസ്കാരിക പ്രതീകങ്ങളിലോ ഈ ചരിത്രത്തിനു മാന്യമായൊരു പരാമർശം പോലും ലഭ്യമായില്ല. അമൂല്യവും പഴക്കമേറിയതും അനന്യവുമാണവ. കേരളത്തിലെ ജൂത സമൂഹവും അതിന്റെ കഥനതന്തുക്കളും നമ്മുടെ നാടിന്റെ വൈവിധ്യത്തിലും മതേതര പൈതൃകത്തിലും ഇഴചേർന്നു കിടക്കുന്നു.

പതിനൊന്നാം നൂറ്റാണ്ടിലെ ജൂത ചെമ്പോലകളെക്കുറിച്ച് എംജിഎസ് നാരായണൻ നടത്തിയ ആഴത്തിലുള്ള പഠനത്തിൽ കേരളത്തിലെ ജൂത സമൂഹത്തെക്കുറിച്ച് വ്യക്തമായ സൂചനകൾ ലഭിക്കും. കേരളത്തിലെ ജൂത പാരമ്പര്യത്തെക്കുറിച്ചുള്ള എല്ലാ ഗവേഷണങ്ങൾക്കും അടിസ്ഥാന സ്രോതസാണ് കേരളത്തിലെ പെരുമാക്കൻമാർ (പെരുമാൾസ് ഓഫ് കേരള) എന്ന അദ്ദേഹത്തിന്റെ ഗവേഷണം. ജൂത സമൂഹം ഏകദേശം രണ്ടായിരം വർഷത്തോളം കേരളത്തിന്റെ സാമൂഹിക-സാംസ് കാരിക മണ്ഡലത്തിന്റെ ഭാഗമായിരുന്നിട്ടും കേരളത്തിന് അവർനൽകിയ സംഭാവനകൾ കാര്യമായി രേഖപ്പെടുത്തിയിട്ടില്ല എന്നത് അതിശയകരമാണ്. കേരളത്തിന്റെ പൊതു വ്യവഹാരങ്ങളിലും അവർ അങ്ങനെ ഭാഗഭാക്കാവുന്നതേയില്ല.




ചരിത്ര രേഖകൾ, വാണിജ്യപരമായ കത്തിടപാടുകൾ, രാജ ശാസനങ്ങൾ, പാട്ടും പഴഞ്ചൊല്ലുകളും പോലുള്ള വായ്മൊഴി സംവിധാനങ്ങൾ തുടങ്ങിയ വിവിധസ്രോതസുകളിലൂടെ നമുക്ക് കേരളത്തിലുണ്ടായിരുന്ന ജൂത സമൂഹത്തെക്കുറി ച്ച്മനസ്സിലാക്കാം. വിവിധ വംശങ്ങളിൽനിന്നും മതങ്ങളിൽനിന്നുമുള്ള ജനങ്ങൾ അധിവസിക്കുന്ന, അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു തുറമുഖമായി പ്ലിനിയും പെരിപ്ലസും ഹീബ്രു ബൈബിളിലെ ഒരു തമിഴ് വാക്കും മുസിരിനെ പരാമർശിക്കുന്നുണ്ട്. കേരളത്തിലേക്കുള്ള ആദ്യ ജൂത കുടിയേറ്റം സോളമന്റെ കപ്പലുകൾ മുഖേന ആയിരിക്കാമെന്ന് ജൂസായ് വിശ്വസിക്കുന്നു.[1] ബിസി എട്ടാം നൂറ്റാണ്ടിൽ അസീറിയക്കാരും ഏഴാം നൂറ്റാണ്ടിൽ ബാബിലോണിയക്കാരും എഡി ഒന്നാം നൂറ്റാണ്ടിൽ റോമാക്കാരും പാലസ്തീൻ പിടിച്ചെടുത്ത കാലത്ത്കൂടുതൽ ജൂത കുടിയേറ്റങ്ങൾ സംഭവിച്ചിരിക്കാമെന്നും അദ്ദേഹം അനുമാനിക്കുന്നു.[2]

കേരള തീരത്തെത്തിയ സെന്റ് തോമസ് പുല്ലാങ്കുഴൽ വായിക്കുന്ന ജൂത പെൺകുട്ടിയ കണ്ടെത്തിയതാണ് മറ്റൊരു കൗതുകമുണർത്തുന്ന ആഖ്യാനം.[3] അക്കാലത്ത് മുസിരിസിന്റെ പ്രാന്തങ്ങളിലുള്ള പാലയൂരിലും പുല്ലൂറ്റും മാടായിയിലും മാല്യങ്കരയിലും ജൂത കോളനികളുണ്ടായിരുന്നു. പതിനെട്ട് സിനഗോഗുകളും പാഠശാലകളും സ്ഥാപിക്കാൻ മാത്രം വിപുലമായിരുന്നു അവരുടെ സാന്നിധ്യം.

കേരളത്തിലെ ഏതാണ്ട് എല്ലാ ഭരണാധികാരികളും പുതിയ ആളുകളോടും വ്യാപാരികളോടും പുതിയ മതങ്ങളോടും മത സ്ഥാപനങ്ങളോടും ആതിഥ്യമര്യാദ കാണിച്ചിരുന്നു. മട്ടാഞ്ചേരി, ചേന്ദമംഗലം, വടക്കൻ പറവൂർ എന്നിവിടങ്ങളിൽ നിന്നു കണ്ടെടുത്ത ചെമ്പോലകൾ ജൂത സമൂഹത്തിനു ലഭിച്ച ഊഷ്മളമായ ആതിഥ്യത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. ജൂത നേതാവ് ജോസഫ് റബാന് കുലശേഖര രാജാവ് ഭാസ്കര രവിവർമൻ (962-1021) തന്റെ ഭരണകാലത്തിന്റെ മുപ്പത്തെട്ടാമത്തെ വർഷത്തിൽ (എഡി 1000) തലസ്ഥാനമായ മഹോദയപുരത്തു വച്ച് (കൊടുങ്ങല്ലൂർ) സമ്മാനിച്ച ചെമ്പോലയാണ് ഏറ്റവും നിർണായകമായ രേഖകളിലൊന്ന്. ജൂതപ്പട്ടയം അഥവാ ജൂതശാസനകൾ എന്നുകൂടി ചെമ്പോലകൾ അറിയപ്പെടുന്നു. എഴുപത്തിര ണ്ട്അവകാശങ്ങളും ആനുകൂല്യങ്ങളും നികുതി പിരിക്കാനുള്ള അധികാരവും സ്ഥിരമായി പല്ലക്കിൽ യാത്ര ചെയ്യാനുള്ള അവകാശവും ഇതിൽ ഉൾപ്പെടുന്നു.[4] ഈ അവകാശങ്ങൾ വഴി ജൂത നേതാവിന് 'അഞ്ചുവന്നസ്ഥാനം' എന്ന പദവി ലഭ്യമായിരുന്നു. വ്യാപാരസംഘ പ്രമുഖന്റെ പദവിയാണത്[5].

പതിമൂന്നാം നൂറ്റാണ്ടിൽ ഇബ്ൻ ബത്തൂത്ത കോഴിക്കോട് നിന്ന് വള്ളത്തിൽ നടത്തിയ പത്തു ദിവസത്തെ കേരള പര്യവേക്ഷണത്തിനിടെ അദ്ദേഹം അഞ്ച് ദിവസം കുഞ്ഞിക്കിരിയിലായിരുന്നു. കുന്നിൻമുകളിലുള്ള ഒരു ജൂത അധിവാസകേന്ദ്രമായിരുന്നു അത്. ചേന്ദമംഗലമായിരുന്നു അന്നത്തെ

കുഞ്ചക്കിരി എന്നാണ് ചരിത്രകാരനായ ജൂസായ് പറയുന്നത്.[6] വിവിധ യാത്രികർ, ഏറെയും ജൂത സഞ്ചാരികൾ, അവർ വസിച്ചിരുന്ന പ്രദേശത്തെ 'ഷിംഗ്ലി' എന്നാണ്വിശേഷിപ്പിച്ചിരുന്നത്. ഈ ജൂത അധിവാസ കേന്ദ്രം ചങ്ങല ആഴി ആയിരുന്നു എന്നും, യൂറോപ്യൻ സഞ്ചാരികളുടെ ഉച്ചാരണ വകഭേദങ്ങളിൽ അത് ഷിംഗ്ലിയും സിംഗ്ലിനും സിംഗ്ലയും സിംഗ്ലന്റും ഒക്കെയായി മാറുകയായിരുന്നു എന്നും ചരിത്രജ്ഞർ പറയുന്നു.[7] പതിനാറാം നൂറ്റാണ്ടിൽ താൻ പോർച്ചുഗീ സ് രാജാവിനെ സന്ദർശിച്ചതിനെക്കുറിച്ച് ഡേവിഡ് റൂബേനി[8] പറയുന്നു. രാജാവ് കേരളത്തിലെ ജൂത സാന്നിധ്യത്തെക്കുറിച്ച് ചോദിച്ചു. കോഴിക്കോട് നിന്ന് പത്തു ദിവസംകൊണ്ട് നടന്നെത്താവുന്ന ഷിംഗോല എന്ന സ്ഥലത്തെക്കുറിച്ചാണ് ക്യാപ്റ്റൻ അപ്പോൾ പ്രതിവചിച്ചത്.



പതിനേഴാം നൂറ്റാണ്ടിലെ 'ഇവരായി പാട്ടിൽ' ജെറുസലേം മുതൽ വിദൂരദേശമായ ക്രാങ്ഗന്നൂരിലേക്ക് മുൻപെപ്പോഴോ നടത്തിയ യാത്രയെക്കുറിച്ച് അറിവാലൻ ഇവരായി പറയുന്നുണ്ട്. ജെറുസലേമിൽ നിന്ന് ഈജിപ്റ്റ്, യെമൻ, പേർഷ്യ മുതൽ ക്രാങ്ഗന്നൂരിനു വടക്ക് പാലൂരും അവസാനം ചേന്ദമംഗലം വരെയുമുള്ള ജൂത കുടിയേറ്റത്തെക്കുറിച്ച് പാട്ടിൽ വിവരിക്കുന്നു. അവിടെ അവർക്കൊരു സിനഗോഗ് കെട്ടാൻ അനുമതി ലഭിക്കുന്നു. മാൻവേട്ടയിൽ ജൂതർ നായൻമാർക്കൊപ്പം കൂടുന്നതിനെക്കുറിച്ചും പിന്നെ പരസ്പരം അടുപ്പത്തോടെ ജീവിക്കുകയും രാജകീയ അംഗീകാരം ലഭിക്കുകയും ചെയ്യുന്നതിനെക്കുറിച്ചും പറയുന്നു. മുന്നൂറ്റിഅമ്പത് വർഷം ചുറ്റുപാടുമായി വളരെ അടുത്ത സൗഹാർദമാണുണ്ടായിരുന്നതെന്നും ഇവരായി വിവരിക്കുന്നു. 'യോഗം' എന്ന പ്രാദേശിക സംഘടനയ്ക്കു ചുറ്റമാണ് ജൂത സാമൂഹിക ജീവിതം കെട്ടിപ്പടുത്തിരുന്നത്. സിനഗോഗിന്റെ മുകൾനിലയിലുള്ള താൽമഡ് തോറയിൽ ജൂത കുട്ടികൾ എഴുത്തും വായനയും തോറ പാരായണവും പഠിക്കാൻ പോയി. പിന്നീട്, ഇരുപതാം നൂറ്റാണ്ടിൽ, ജൂത കുട്ടികൾ ഹൈസ്കൂളിലും യൂണിവേഴ്സിറ്റികളിലും പോയിത്തുടങ്ങി. ചേന്ദമംഗലത്തെ ജൂത യുവജന സംഘടനയ്ക്ക് കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ജൂത അവധിദിവസങ്ങൾ വകുപ്പ് കലണ്ടറിൽ രേഖപ്പെടുത്തി നടപ്പാക്കിയിരുന്നത് ജൂതർ ഉദ്ധരിക്കുന്നു. പ്രവൃത്തിദിവസങ്ങളായിരുന്ന ശനിയാഴ്ചകൾ കലണ്ടറിൽ അവധിയായി രേഖപ്പെടുത്തിയിരുന്നു.[9]

ഈ പരാമർശങ്ങളിൽ ജൂത വനിതകൾ എവിടെയാണ് വരുന്നത്? സെന്റ് തോമസ് കേരളത്തിൽ വന്നപ്പോൾ കണ്ട പുല്ലാങ്കുഴൽ വായിക്കുന്ന ജൂത പെൺകുട്ടിയിലും, 1269ലെ ഇസ്രായേലിന്റെ പുത്രി സാറായുടെ കല്ലറയിലുമല്ലാതെ മറ്റെവിടെയും എനിക്കൊരു തുമ്പുമുണ്ടായിരുന്നില്ല. ചരിത്രം അഥവാ പെൺകഥകളുടെ പരമ്പരയ്ക്ക് എങ്ങനെയാണ് ഒരു കാലടിപ്പാടും അവശേഷിപ്പിക്കാതിരിക്കാൻ കഴിയുക? ചരിത്രപരമായി അവളുടെ കഥകളോടുള്ള നിരുത്സാഹപൂർണമായ സമീപനം കാരണമായിരിക്കുമോ ചരിത്രത്തിലെ അവളുടെ പ്രാതിനിധ്യത്തെ നിശ്ശബ്ദമാക്കിക്കളഞ്ഞത്? ചരിത്രത്തിന്റെ മുത്തും അസ്ഥിയും തിരയുമ്പോൾ അതിനിടയിൽ അവളുടെ കഥകൾ കാണാത്തതെന്തുകൊണ്ടാണ്? പുരാതനമായ തുറമുഖപട്ടപ്രാന്തങ്ങളിൽ അതിരിട്ട അവളുടെ കഥകൾ ഒരു നിശ്വാസവായു പോലെ മറഞ്ഞു പോയോ? അതോ അവ ഇപ്പോഴും ശ്വസിക്കപ്പെടാനും രുചിക്കപ്പെടാനും കേൾക്കപ്പെടാനും സ്പർശിക്കപ്പെടാനും സന്നദ്ധമായി തുടരുന്നുണ്ടോ? ജൂത വനിതകളുടെ കഥകൾ തെരയാൻ ഏറ്റവും നല്ലത് ഉൾക്കാഴ്ചകളുടെ വെളിച്ചമാണെന്ന് ഞാൻ കരുതുന്നു. എന്റെ അന്വേഷണത്തിനിടെ സ്വയമൊരു മോഹാലസ്യത്തിലാകാനും എന്റെ പ്രമാണങ്ങളും ശാസ്ത്ര ചിന്തയും യുക്തിയുമെല്ലാം മാറ്റിവയ്ക്കാനും ഞാൻ ശ്രദ്ധിച്ചു. എന്റെ ഉൾക്കാഴ്ചകളാലും അനുമാനങ്ങളാലും നയിക്കപ്പെടാനും സ്വയം അനുവദിച്ചു. എനിക്കു വഴി കാട്ടാൻ എന്റെ പഞ്ചേന്ദ്രിയങ്ങളെ അനുവദിച്ചു. ചരിത്രത്തിൽ സ്ത്രീകളെ പ്രാധാന്യത്തോടെ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ, തീർച്ചയായും നമ്മളെ നയിക്കുന്ന ഘടകങ്ങളിൽ അവരുടെ കഥകൾ എഴുതിവയ്ക്കാൻ നമ്മൾ അനുവദിക്കണം. എനിക്കു തിരിഞ്ഞുനോക്കേണ്ടിയിരുന്നില്ല; എനിക്കു മുൻപേ ജീവിച്ചിരുന്ന സ്ത്രീകളുടെ ഭൂതാവിഷ്ടമായ പ്രത്യക്ഷതകൾ ഞാൻ അനുഭവിച്ചു. സംഗീതത്തിലൂടെയും സ്പർശനത്തിലൂടെയും രുചിയിലൂടെയും മണത്തിലൂടെയും അവരെന്നെ നയിച്ചു. എനിക്കു ചുറ്റും ഞാനവരെ അറിഞ്ഞു, എനിക്ക് അസ്ഥിരമായ ചുവടുകളോടെ നടക്കുകയും അവരെന്നെ നയിക്കാൻ കാക്കുകയും ചെയ്യേണ്ടിവന്നു.

എന്റെ പഞ്ചേന്ദ്രിയങ്ങളെല്ലാം തുറന്നുവച്ചപ്പോൾ ഒരു സുഹൃത്ത് സമ്മാനിച്ച പുസ്തകത്തിൽ എന്റെ ശ്രദ്ധ ചെന്നെത്തി. ഞാൻ അന്വേഷിച്ചുകൊണ്ടിരുന്ന ജൂത കഥകളുടെ ആദ്യ സ്രാവ്യ താക്കോലാണ് ഗീതങ്ങളുടെ പുസ്തകം എനിക്കു തന്നത്.




# ഏകദിന ശില്പശാല

മുസിരിസ് പൈതൃക പദ്ധതിയിൽ പ്രാദേശിക ഗൈഡുമാരെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ മുസിരിസ് വിസിറ്റേഴ്സ് സെന്ററിൽ ഏകദിന ശില്പശാല നടത്തി. മുസിരിസ് പൈതൃക പദ്ധതി മാനേജിങ് ഡയറക്ടർ പി എം നൗഷാദ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പദ്ധതി പ്രദേശത്ത് നിന്നും തെരഞ്ഞെടുക്കപ്പെട്ട 85ഓളം പേരാണ് ശില്പശാലയിൽ പങ്കെടുത്തത്. മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ, മ്യൂസിയം മാനേജർമാരായ മിഥുൻ സി ശേഖർ, നിമ്മി കെ ബി എന്നിവർ സംസാരിച്ചു.

# മുസിരിസ് ഹെറിറ്റേജ് സൈക്ലിംഗ് സീരീസ് ആരംഭിച്ചു.



ഒന്നാം ദിവസം


രണ്ടാം ദിവസം

മുസിരിസ് പദ്ധതി പ്രദേശം കണ്ടറിയാൻ ഹെറിറ്റേജ് സൈക്ലിംഗ്. കേരളത്തിലെ വിവിധ സൈക്ലിംഗ് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുള്ള മുസിരിസ് സൈക്ലിംഗ് സീരീസിന്റെ ഭാഗമായി ഹെറിറ്റേജ് സൈക്കിൾ റൈഡിന് തുടക്കമിട്ടത്. 2021 ജനുവരി മൂന്ന് വരെ നീണ്ടു നിൽക്കുന്ന ദശദിന പരിപാടിയിൽ, കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള അഞ്ഞൂറ് സൈക്ലിസ്റ്റുകൾ മുസിരിസ് പൈതൃക പദ്ധതിയുടെ വിവിധ മ്യൂസിയങ്ങളും സ്മാരകങ്ങളും സന്ദർശിക്കും. ആദ്യ ദിവസത്തെ റൈഡിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് 50 റൈഡർമാർ പങ്കെടുത്തു. മുസിരിസ് പദ്ധതിപ്രദേശം പൂർണമായും സൈക്കിൾ റൈഡിലൂടെ കണ്ടറിയുകയാണ് യാത്രയുടെ ഉദ്ദേശം. ഓരോ ദിവസവും 50 പേരടങ്ങുന്ന സംഘം വീതമാണ് മുസിരിസ് മുനക്കൽ ബീച്ച് കേന്ദ്രീകരിച്ച് സൈക്ലിംഗ് ആരംഭിക്കുക. ഇവിടെ നിന്ന് മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബ് മ്യൂസിയം, കോട്ടപ്പുറം കോട്ട, കോട്ടപ്പുറം വാട്ടർ ഫ്രണ്ട്, പറവൂർ സിനഗോഗ്, പാലിയം കൊട്ടാരം, പാലിയം നാലുകെട്ട്, ചേന്ദമംഗലം സിനഗോഗ് എന്നിവിടങ്ങളിൽ എത്തിച്ചേരും. ആദ്യത്തെ സൈക്ലിംഗ് താരങ്ങൾ റൈഡിന് ശേഷം അഴീക്കോട് അഴിമുഖത്തേക്ക് ബോട്ട് സവാരി നടത്തുകയും ചെയ്തു. വിവിധ കേന്ദ്രങ്ങളിൽ മ്യൂസിയം മാനേജർമാരായ സജ്ന വസന്തരാജ്, കെ ബി നിമ്മി, ജൂനിയർ എക്സിക്യൂട്ടീവ് അഖിൽ എസ് ഭദ്രൻ എന്നിവർ സ്വീകരിച്ചു. മുസിരിസ് ഹെറിറ്റേജ് സൈക്ലിംഗ് സീരീസിന്റെ ഭാഗമായി 2021 ജനുവരിയിൽ പൊന്നാനി മുതൽ ആലപ്പുഴ പൈതൃക പദ്ധതി വരെ മുസിരിസ് പദ്ധതി പ്രദേശങ്ങളിലൂടെ കേരളത്തിലെ വിവിധ സൈക്ലിംഗ് ക്ലബ്ബുകളെ സംയോജിപ്പിച്ച് കൊണ്ട് സൈക്ലിംഗ് ഇവന്റ് സംഘടിപ്പിക്കുമെന്ന് മുസിരിസ് പൈതൃക പദ്ധതി മാനേജിങ് ഡയറക്ടർ പി എം നൗഷാദ് അറിയിച്ചു.

അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രൊജക്ട്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ 0480 2807717